**ശ്രീമതി അന്ന ഡാനിയേലിന്റെ അപേക്ഷയിന്മേലുള്ള നടപടി സംബന്ധിച്ച്**

130 (3877) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സ്വദേശിനി ശ്രീമതി അന്ന ഡാനിയേൽ വകുപ്പുമന്ത്രിക്ക് നൽകിയിരുന്ന അപേക്ഷയിന്മേൽ (ഫയൽ നമ്പർ 76177/L3/2012-ൽ) എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയൽ ക്യാബിനറ്റിൽ വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ എന്നാണ് നിർദ്ദേശം നല്കിയിരുന്നതെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ഫയൽ നാളിതുവരെ ക്യാബിനറ്റിൽ വയ്ക്കാതിരിക്കുന്നതിന് കാരണം അറിയിക്കാമോ ?

ഉത്തരം

(എ-സി) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തിൽനിന്ന് കടിയൊഴിപ്പിച്ചതിന് പകരം ഭൂമി അനുവദിക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്യണമെന്ന ശ്രീമതി അന്ന ഡാനിയേലിന്റെ പരാതി സർക്കാർ പരിശോധിച്ചു സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കാനുള്ള ആവശ്യത്തിനു മാത്രമേ ഭൂമി അനുവദിക്കാൻ വ്യവസ്ഥയുള്ളൂ എന്നതിനാൽ നിലവിൽ സ്വന്തമായി 0.0302 ഹെക്ടർ സ്ഥലവും വീടുമുള്ള ശ്രീമതി അന്ന ഡാനിയേലിന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് വർക്ക്ഷോപ്പ് ആരംഭിക്കുന്നതിനായി 5 സെന്റ് ഭൂമിയോ സാമ്പത്തിക സഹായമോ അനുവദിക്കുന്ന വിഷയം ക്യാബിനറ്റിൽ വയ്ക്കുവാൻ 20-11-2014-ൽ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു. എന്നാൽ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാവൂ എന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ, ഈ വിഷയത്തിൽ ഫയൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും, അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അനുവദിക്കുവാൻ അനുയോജ്യമായ ഭൂമി സംബന്ധിച്ച വിശദാംശങ്ങൾകൂടി ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കി ഈ വിഷയം ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly